# സർവ്വ ജനപദങ്ങളുടെയും നാഥ: ആംസ്റ്റർഡാം

1945 മാതാവിന്റെ മംഗളവാർത്താ തിരുന്നാളായ മാർച്ച് 25ന് ഐഡ പീഡർമേനിന് പരിശുദ്ധ അമ്മ ദർശനം നൽകി. അതിനുശേഷം ഈ ദർശനങ്ങൾ പതിനാലിലധികം വർഷം തുടർന്നു. അറുപതിലധികം സന്ദേശങ്ങൾ ഐഡയ്ക്ക് നൽകപ്പെട്ടു. ഫ്രാൻസിലെ ലൂർദ്ദിലും, പോർട്ടുഗലിലെ ഫാറ്റിമയിലും പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട പോലെ ക്രമമായല്ല ഇവിടെ പ്രത്യക്ഷപ്പെട്ടത്. ഇവിടെ ഒരു മുന്നറിയിപ്പും നൽകിയില്ല. മിക്കവാറും ദർശനങ്ങൾ ഐഡയുടെ ആംസ്റ്റർഡാമിലെ ഭവനത്തിൽ വച്ചായിരുന്നു. പരിശുദ്ധ അമ്മ പറയുന്ന കാര്യങ്ങൾ എഴുതാൻ ഐഡയുടെ സഹോദരിയും കൂടെയുണ്ടാകാറുണ്ട്. ആദ്ധ്യാത്മികപരമായ നിർദ്ദേശങ്ങളായിരുന്നു ഇവ. പരിശുദ്ധ അമ്മ ഐഡയെ കാണാൻ അനുവദിച്ച ചില കാര്യങ്ങളെക്കുറിച്ചുള്ള ചില വിവരങ്ങൾ പിന്നീട് ഇതിനോടുകൂടി എഴുതി ചേർക്കപ്പെട്ടു. സന്ദേശങ്ങൾ എഴുതി കഴിഞ്ഞാൽ ഐഡ അവളുടെ ആത്മീയഗുരുവിനെ കാണിച്ചിരുന്നു. ചില സന്ദേശങ്ങൾ അവൾക്ക് മനസ്സിലായില്ലെങ്കിലും അമ്മ പറയുന്നത് അതുപോലെ പറഞ്ഞുകൊടുത്ത് തന്റെ സഹോദരിയെ കൊണ്ട് എഴുതിച്ചിരുന്നു.

### സന്ദേശങ്ങൾ

പരിശുദ്ധ അമ്മ പറഞ്ഞു. “നീ എന്റെ രൂപം നോക്കുക, അത് നന്നായി പഠിക്കുക. മനസ്സിൽ ഉറപ്പിക്കുക. ഭൂഗോളത്തിന്റെ മുകളിലാണ് ഞാൻ നിൽക്കുന്നത്, എന്റെ കാലുകളും ശക്തമായി ഭൂഗോളത്തിൽ ചവുട്ടിയിരിക്കുകയാണ്. എന്താണ് ഞാൻ ഇങ്ങനെ നിൽക്കുന്നതെന്ന് പറഞ്ഞു തരാം. കുരിശിന്റെ മുമ്പിൽ നിൽക്കുന്ന യുവതി ഞാനാണ്. എന്റെ തല, കൈകൾ, കാലുകൾ എല്ലാം സാധാരണ മനുഷ്യരുടേതുപോലെയാണ്. ശരീരം പരിശുദ്ധാത്മാവിന്റേതാണ്. കാരണം ദൈവതിരുമനസ്സിനാൽ പരിശുദ്ധ ആത്മാവിന്റെ പ്രവർത്തനം മൂലമാണ് യേശു ഉണ്ടായത്. ലോകം മുഴുവനും വേണ്ടിയുള്ളതാണ് എന്റെ സന്ദേശങ്ങൾ എന്ന് മനസ്സിലാക്കാനാണ് ഞാൻ ഭൂഗോളത്തിന്റെ മുകളിൽ നിൽക്കുന്നത്. എനിക്കു ചുറ്റും മേഘങ്ങളെ കാണുന്നില്ലേ? അത് എനിക്കു ചുറ്റുമുള്ള ആടുകളുടെ കൂട്ടമാണ് പ്രതിനിധാനം ചെയ്യുന്നത്. ലോകം മുഴുവനിലുമുള്ള എല്ലാ ദേശങ്ങളെയും ആണ് ഈ ആടുകളുടെ കൂട്ടം സൂചിപ്പിക്കുന്നത്. ഈ കുരിശിലേക്കു നോക്കി ജീവിക്കുന്നതുവരെ ലോകരാഷ്ട്രങ്ങൾക്കു സമാധാനമുണ്ടാകില്ല. എന്റെ കൈകൾ നോക്കുക - മൂന്നു രശ്മികൾ അതിൽനിന്ന് വരുന്നില്ലേ, കൃപ, രക്ഷ, സമാധാനം എന്നിവയാണ് അവ.”

ഐഡയ്ക്ക് ലഭിച്ച ദർശനത്തിൽ കണ്ട പരിശുദ്ധ അമ്മയുടെ ചിത്രം വരയ്ക്കുവാൻ ജർമ്മൻകാരനായ ഹെൻറിച്ച് റെപ്ക് എന്ന ചിത്രകാരനെ നിയോഗിച്ചു. ചിത്രം വരച്ചു കഴിഞ്ഞപ്പോൾ ഐഡ അത് പരിശുദ്ധ അമ്മയെ കാണിച്ചു, ശരിയായോ എന്നു ചോദിച്ചു. പരിശുദ്ധ അമ്മ പുഞ്ചിരിച്ചു.

ആംസ്റ്റർഡാമിലുള്ള ഒരു പ്രധാന സന്ദേശം ഇതാണ്. കുരിശിൽ മുമ്പിൽനിന്ന് പ്രാർത്ഥിക്കാനായി പരിശുദ്ധ അമ്മ ഒരു പ്രാർത്ഥന ചൊല്ലി കൊടുത്തു. “യേശുക്രിസ്തുവേ, പിതാവിന്റെ പുത്രാ, ഭൂമിയിലേക്കു പരിശുദ്ധാത്മാവിനെ അയയ്ക്കണമെ. സകല ജനപദങ്ങളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിക്കട്ടെ. അങ്ങനെ അവർ ധാർമ്മിക അധഃപതനം, വിപത്തുക്കൾ, യുദ്ധം എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടട്ടെ. ഒരിക്കൽ മറിയമായിരുന്ന സർവ്വ ജനപദങ്ങളുടേയും നാഥ ഞങ്ങളുടെ അഭിഭാഷകയായിരിക്കട്ടെ, ആമ്മേൻ” എന്നതാണ് പരിശുദ്ധ അമ്മ പഠിപ്പിച്ച പ്രാർത്ഥന.

എല്ലാ ജനങ്ങളും യേശുവിനോടും പരിശുദ്ധാത്മാവിനോടും പ്രാർത്ഥിക്കണം. എന്നും, എന്ത് ജോലിയുണ്ടെങ്കിലും ഈ പ്രാർത്ഥന ചൊല്ലണം എന്നും പരിശുദ്ധ അമ്മ പറഞ്ഞു.

ഐഡയുടെ ആത്മീയ ഗുരു മുതൽ പല ദൈവശാസ്ത്രപണ്ഡിതന്മാരും “ഒരിക്കൽ മറിയമായിരുന്ന” എന്ന പ്രയോഗത്തെക്കുറിച്ച് ആശയക്കുഴപ്പത്തിലായിരുന്നു. അങ്ങനെ ആ ഭാഗം

ഒഴിവാക്കിക്കൊണ്ടാണ് ആദ്യം അവർ പ്രാർത്ഥന പുറത്തിറക്കിയത്. എന്നാൽ പരിശുദ്ധ അമ്മ അടുത്ത തവണ പ്രത്യക്ഷപ്പെട്ടപ്പോൾ അത് ഒഴിവാക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചു.

മുമ്പ് എല്ലാവർക്കും പരിശുദ്ധ അമ്മയെ മേരിയായേ, മറിയമായേ അറിയൂ. അതുകൊണ്ടാണ് അത് മാറ്ററുതെന്ന് പരിശുദ്ധ അമ്മ പറഞ്ഞത്. ഇന്ന് അമ്മ സർവ്വജനപദങ്ങളുടേയും നാഥയാകാൻ ആഗ്രഹിക്കുന്നു. ദൈവപിതാവ് മേരിയെ എല്ലാ സ്ത്രീകളിലും നിന്ന് യേശുവിന്റെ അമ്മയാകാൻ തെരഞ്ഞെടുത്തു. എന്നാൽ കുരിശിൻ ചുവട്ടിൽ വെച്ച് അവൾ സ്ത്രീ ആയി. യുവതി ആയി. നാഥയായി. അതുകൊണ്ടാണ് അത് തുടരണമെന്ന് പറയുന്നത്.

1952ൽ ഈ പ്രാർത്ഥന സർവ്വസാധാരണമായി. ആ ചിത്രവും എല്ലായിടത്തും, പ്രത്യേകിച്ച് നെതർലാൻഡിൽ എവിടെയും കാണാറായി.

പരിശുദ്ധ അമ്മയുടെ മറ്റു സന്ദേശങ്ങൾ പുരോഹിതർക്കും, സ്ത്രീകൾക്കും, പുരുഷന്മാർക്കും, കുട്ടികൾക്കും, യുവജനത്തിനുമൊക്കെയുള്ള ചില ഓർമ്മിപ്പിക്കലുകൾ ആയിരുന്നു.

പുരോഹിതരോടും, ആത്മീയ നേതാക്കളോടും പരിശുദ്ധ അമ്മ പറഞ്ഞു. പിതാവിനാലും പുത്രനാലും പരിശുദ്ധാത്മാവിനാലും പ്രത്യേക വിധത്തിൽ മെനഞ്ഞെടുക്കപ്പെട്ടവരാണ് നിങ്ങൾ. നിങ്ങളെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ജീവിതം ദുസ്സഹമാണ്, ഈ കാലഘട്ടത്തിൽ. എങ്കിലും നിങ്ങൾ ക്രിസ്തുവിന്റെ ആത്മാവിനാൽ നയിക്കപ്പെട്ട് ജീവിക്കണം. നിങ്ങൾ പരസ്പരം വഴക്കടിക്കുന്നതെന്തിനാണ്? നല്ല വൈദികരുണ്ടാകുവാൻ നിങ്ങൾ പ്രാർത്ഥിക്കണം.

സ്ത്രീകളോട് പരിശുദ്ധ അമ്മ പറഞ്ഞു. എന്താണ് 'സ്ത്രീ' എന്ന് അറിയുമോ – അതിന്റെ അർത്ഥം ബലിയർപ്പണം എന്നാണ്. നിങ്ങളുടെ അഹംഭാവമെല്ലാം വെടിഞ്ഞ് കുരിശിനെ കേന്ദ്രീകരിച്ച് ജീവിക്കണം.

പുരുഷന്മാരോട് പരിശുദ്ധ അമ്മ പറഞ്ഞു. "ആരാണ് യേശുവിന്റെ പടയാളികളെന്നറിയുമോ – നിങ്ങളാണ്. ലോകത്തെ ജനങ്ങളെ മുഴുവൻ യേശുക്രിസ്തുവെന്ന ഭരണാധിപന്റെ കീഴിൽ ഒന്നിച്ചുനിർത്താനുള്ള ശക്തിയുള്ള പടയാളികളാണ് നിങ്ങൾ."

യുവജനങ്ങളോട് അമ്മ പറഞ്ഞു – "നിങ്ങളാണ് യേശുവിന്റെ കുരിശിന്റെ വഴിയെ നടക്കുവാൻ കുട്ടികളെ പഠിപ്പിക്കേണ്ടത്. അവരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണ്ടതും നിങ്ങളാണ്."

എല്ലാ രാജ്യക്കാരോടുമായി പരിശുദ്ധ അമ്മ പറഞ്ഞു. "ഇന്നു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും." സർവ്വജനപദങ്ങളുടേയും നാഥ നിങ്ങൾക്ക് ശരിയായ സമാധാനം നൽകും. എല്ലാവരും പരിശുദ്ധ അമ്മ പറഞ്ഞ പ്രാർത്ഥന കൂട്ടമായി സഭയോട് ചേർന്ന് ചൊല്ലണമെന്നും അപ്പോൾ പരിശുദ്ധ അമ്മ മദ്ധ്യസ്ഥയാണെന്നും നാഥയാണെന്നും അഭിഭാഷകയാണെന്നും എല്ലാവർക്കും മനസ്സിലാകും.

**5–ാമത്തെ മരിയൻ വിശ്വാസസംഹിത**

നാല് മരിയൻ വിശ്വാസ സംഹിതകൾ, മറിയം യേശുവിന്റെ അമ്മയാണ്, കന്യകയാണ്, അമലോത്ഭവയാണ്, സ്വർഗ്ഗാരോപിതയാണ് – എന്നുള്ളത് കത്തോലിക്ക സഭ മുമ്പേ അംഗീകരിച്ചിട്ടുണ്ട്. അഞ്ചാമത്തെ വിശ്വാസം, അമ്മ തന്നെ ഐഡയ്ക്ക് പ്രത്യക്ഷപ്പെട്ട് പഠിപ്പിച്ചിട്ടുള്ളതാണ്. പക്ഷേ, വർഷങ്ങളോളം അത് തർക്കവിഷയമായിരുന്നു. ദൈവം പുത്രനെ ലോകരക്ഷയ്ക്കായി അയച്ചു. പരിശുദ്ധ അമ്മയെ രക്ഷകന്റെ അമ്മയായി തിരഞ്ഞെടുത്തു. അതിനാൽതന്നെ പരിശുദ്ധ അമ്മ സഹരക്ഷകയാണ്, മദ്ധ്യസ്ഥയാണ്, അഭിഭാഷകയാണ്. യേശു കുരിശിൽ ചുവട്ടിൽ വെച്ച് അമ്മയെ നമുക്ക് മദ്ധ്യസ്ഥയായി തന്നു. ഈ മൂന്നും പരസ്പരം ബന്ധപ്പെട്ടതാണ്. പരിശുദ്ധ അമ്മയെക്കുറിച്ചുള്ള പഠനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് ഇവ. ഇവ മൂന്നും സഭയിൽ വളരെയധികം പഠനവിഷയമായിട്ടുള്ളതാണ്.

1951 ആഗസ്റ്റ് 15ന് പുറത്തിറക്കിയ 5–ാമത്തെ വിശ്വാസസംഹിത കത്തോലിക്ക സഭയിൽ പല തർക്കങ്ങൾക്കും ഇടയായി. എല്ലാ ജനപദങ്ങളുടേയും രക്ഷയ്ക്കായി ദൈവപിതാവ് പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. യേശു ഔദ്യോഗികമായി തന്റെ ദൗത്യം നിറവേറ്റി. യേശു സർവ്വജനങ്ങൾക്കും വേണ്ടി മരിച്ച് മാനവരക്ഷകനായി പിതാവിന്റെ പക്കലേക്കു പോയി.

പരിശുദ്ധ അമ്മ ദൈവത്തിന്റെ സൃഷ്ടിയാണ്; ദൈവത്താലും, പരിശുദ്ധാത്മാവിനാലും യേശുവിന്റെ അമ്മയാകാൻ തെരഞ്ഞെടുക്കപ്പെട്ടവളാണ്. ഈ തെരഞ്ഞെടുപ്പു മുഖാന്തിരം പരിശുദ്ധ അമ്മ സഹരക്ഷകയും, മാദ്ധ്യസ്ഥയും അഭിഭാഷകയുമായി.

യേശു കുരിശിൽ കിടന്നുകൊണ്ട് സ്ത്രീയെ ഇതാ നിന്റെ മകൻ എന്നും, യോഹന്നാനോട് ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. ഇതിനാൽ തന്നെ പരിശുദ്ധ അമ്മ സർവ്വജനപദങ്ങളുടേയും നാഥ എന്ന പേരിന് അർഹയായി.

പരിശുദ്ധ അമ്മ ഐഡയോട് പറഞ്ഞു. നീ ഭയപ്പെടേണ്ട. ഇത് പറഞ്ഞാൽ മറ്റുള്ളവർ അംഗീകരിക്കില്ല. നിന്നെ അവർ വിശ്വസിക്കില്ല.

ആംസ്റ്റർഡാമിലെ സന്ദേശങ്ങൾ വളരെ ശക്തമായിരുന്നു. ദുഷ്ടതയ്ക്കെതിരായ യുദ്ധത്തിൽ നാം ശക്തമായി പോരാടണമെന്നും, എല്ലാ ദേശങ്ങളും ദൈവപിതാവിൽ ഒന്നായിതീരുന്ന ദിവസം ആസന്നമാകുമെന്നും പരിശുദ്ധ അമ്മ പറയുന്നു. ആ ദിവസം വരുന്നതുവരെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനായും, ദൈവകൃപയ്ക്കായും, ഒരിക്കൽ മറിയമായിരുന്ന സർവ്വജനപദങ്ങളുടേയും നാഥയുടെ സഹായത്തിനായും പ്രാർത്ഥിക്കണമെന്നും പരിശുദ്ധ അമ്മ അനുശാസിക്കുന്നു.